## കേരള സർക്കാർ
## <u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ.പ്രകാശൻ.കെ.എസ്-ന് പലിശ രഹിത വായ്പ അനുവദിച്ചു കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി) നമ്പർ.1774/2017/തസ്വഭവ, തിരുവനന്തപുരം, തീയതി,29/05/2017

---

പരാമർശം : 1. ശ്രീ.പ്രകാശൻ.കെ.എസ്. സമർപ്പിച്ച 25/03/2017- ലെ അപേക്ഷ.
2. ഗ്രാമവികസന കമ്മീഷണറുടെ 21/04/2017-ലെ സി.ആർ.ഡി/563/2017/ എസ്റ്റാ.സി1 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ.പ്രകാശൻ.കെ.എസ്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ Macroadenoma Surgery-ക്കായി 1,00,000/- രൂപാ (ഒരു ലക്ഷം രൂപ) പലിശ രഹിത മെഡിക്കൽ വായ്പ അനുവദിക്കുന്നതിനു വേണ്ടി സംബന്ധിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ.പ്രകാശൻ.കെ.എസ്-ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ Macroadenoma സർജറിയ്ക്കായി 1,00,000/- രൂപാ (ഒരു ലക്ഷം രൂപാ മാത്രം) പലിശരഹിത മെഡിക്കൽ വായ്പ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (02)" എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 1,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ.പ്രകാശൻ.കെ.എസ്, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 6 മാസത്തിനകം

ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീ.പ്രകാശൻ.കെ.എസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ബ്ലോക്ക് പഞ്ചായത്ത്, പള്ളുരുത്തി (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
5) സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, പള്ളുരുത്തി
6) ധനകാര്യവകുപ്പ് (20/05/2017-ലെ ഡെവ-1/104/2017-ധന നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം
7) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (09/05/2017-ലെ ജി2/299/2017/ആ.കു.വ നമ്പർ കുറിപ്പ് പ്രകാരം)
8) ഇൻഫർമേഷൻ കേരള മിഷൻ
9) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ